Govt. Higher Secondary School
Kunhome

# കുഞ്ഞോം ഗസറ്റ്

A Magazine by Little Kites Unit

# സർഗാത്മകതയുടെ സംഗീതം

# കുഞ്ഞോം ഗസറ്റ്

## മുഖമൊഴി

ഇതൊരു പരിശ്രമമാണ്..

സാധ്യതകളുടെ ലോകത്ത്

അക്ഷരങ്ങൾ കൊണ്ടുള്ള പരീക്ഷണങ്ങൾ..

ചിന്താശകലങ്ങളും

സർഗവാസനകളും ലയിപ്പിച്ച് വരയ്ക്കുന്ന

പുതിയ കാലത്തിന്റെ വർണ്ണചിത്രങ്ങൾ..

പോരായ്മകളുടെ കളങ്ങൾ


മായ്ച്ചുകളയണം..

സ്വീകരിച്ചാലും..

# ആശംസകൾ

ജി എച്ച് എസ് എസ് കുഞ്ഞോം
ലിറ്റിൽ കൈറ്റ്സിന്റെ ആഭിമുഖ്യത്തിൽ
കുട്ടികളുടെയും അധ്യാപകരുടെയും
രചനകൾ ഉൾപ്പെടുത്തി തയ്യാറാക്കുന്ന
ഡിജിറ്റൽ മാഗസിനിലൂടെ കുട്ടികളുടെ
സർഗ്ഗവാസനകളെ പ്രോത്സാഹിപ്പിക്കാനും
ഐടി അധിഷ്ഠിത പഠനപ്രവർത്തനങ്ങളിലേക്ക്
നയിക്കാനും കഴിയട്ടെ എന്നാശംസിക്കുന്നു

ഹെഡ്മാസ്റ്റർ



നിങ്ങളുടെ വിശ്വാസങ്ങൾ
നിങ്ങളൂടെ ചിന്തകളാവുന്നു.
ചിന്തകൾ വാക്കുകളും,
വാക്കുകൾ പ്രവർത്തികളും,
പ്രവർത്തികൾ മൂല്യങ്ങളുമാവുന്നു.
നിങ്ങളുടെ മൂല്യങ്ങളാണ്
നിങ്ങളുടെ വിധിയാവുന്നത്.

**ഗാന്ധിജി**



# നല്ലകാര്യം

വെട്ടിനുറുക്കിക്കളയുന്നു
തണൽ
ആഴത്തിലുള്ളയീ
ബന്ധത്തെ മർത്യർ
ഖേദമില്ലാതെ പിഴുതെറിയുന്നു
ഒരുവേള ഋതുവിൽഞാൻ തന്നിരുന്നു താങ്ങുംതളിരും
ചിത്രശലഭങ്ങളു ഇന്നതോ
ശോകമൂകമായ്
പ്രകൃതിക്കിണങ്ങാതെ
മാഞ്ഞിടുന്നു
അന്നൊഴുകിയനീർചാലിന്നൊരഴുക്കുചാലായ്

നിദ ഫാത്തിമ
9 എ



# പേനയും പെൻസിലും

ഒരു ചിത്രകാരന്റെ വീട്ടിൽ പാവത്താനായ പെൻസിലും അഹങ്കാരിയായ പേനയും താമസിച്ചിരുന്നു.താനാണ് ഏറ്റവും വലിയവൾ എന്നായിരുന്നു പേനയുടെ വിചാരം.തരം കിട്ടിയാൽ പെൻസിലിനെ പേന പുച്ഛിച്ചു തള്ളും. ഭാര്യയുടെ മരണശേഷം തന്റെ ചിത്രരചന പാടേ ഉപേക്ഷിച്ചതായിരുന്നു.ചിത്രരചന ഉപേക്ഷിച്ചതിൽ പിന്നെ അയാൾ പേനയെ മാത്രമായിരുന്നു ഉപയോഗിച്ചത്.അതിന്റെ അഹങ്കാരവും പേനയ്ക്കുണ്ടായിരുന്നു. ആയിടെ ചിത്രകാരൻ വീടുവിട്ടെങ്ങോട്ടോ പോയി.അടുത്ത ദിവസം ഒരു എലി ആ വീട്ടിലേക്ക് കടന്നു വന്നു.വിശന്നു വലഞ്ഞെത്തിയ എലി അപ്പോഴാണ് ഗമയിൽ നില്ക്കുന്ന പേനയെ കണ്ടത്.ഈ പേനയെ തന്റെ കുട്ടികൾക്ക് കളിക്കാൻ കൊടുക്കാമെന്നും അതിന്റെ അഹങ്കാരം നിർത്താമെന്നും എലി കരുതി.അതിനായി പേനയെ പിടിക്കാൻ എലി വരുന്നത് കണ്ട പെൻസിൽ പേനയെ രക്ഷിക്കാൻ കടലാസ്സിൽ ഒരു പൂച്ചയുടെ ചിത്രം വരച്ചു.അതുകണ്ട് പേടിച്ച എലി ഓടെടാ ഓട്ടം.തന്റെ ജീവൻ രക്ഷിച്ച പെൻസിലിനെ ചേർത്തു പിടിച്ച് പേന പറഞ്ഞു.ഇന്നെനിക്ക് ഒരു കാര്യം മനസ്സിലായി, ഈ ലോകത്തെ ഏതൊരു വസ്തുവിനും അതിന്റേതായ മഹത്വമുണ്ടെന്ന്......

കീർത്തന എം എസ്
9 A




വേഗം ഇറങ്ങെന്ന് ഡ്രൈവർ വന്ന് പറഞ്ഞപ്പോൾ അയാൾ ചെറുതായൊന്ന് ഞെട്ടി. മകളുടെ മുഖത്തേക്കൊന്ന് നോക്കി. അവളുടെ കണ്ണിൽ അമ്പരപ്പ് തുളുമ്പി നിന്നു .

അവൾ വരച്ച ചിത്രം കീശയിലില്ലേയെന്നറിയാൻ അയാൾ നെഞ്ചത്ത് കൈ വെച്ചു. തന്റെയും ഭാര്യയുടേയും കൈ പിടിച്ച് നിൽക്കുന്ന മകളുടെ ചിത്രം. എന്നിട്ട് പതുക്കെ ഇറങ്ങിപ്പോയി.

* * * * * * * * * * * *

പതിവില്ലാത്ത വേഗത്തിൽ പോയ പോലീസ് വാഹനങ്ങൾ കണ്ടു ജനങ്ങൾ ആശ്ചര്യപ്പെട്ടു. ആ പോക്ക് നിന്നത് മോർച്ചറിയുടെ മുന്നിലാണ്. അതിൽ നിന്നും തിരക്കിട്ടിറങ്ങിയപ്പോൾ എസ് ഐ യുടെ തല ചെറുതായൊന്നു മുട്ടി. മോർച്ചറി ജീവനക്കാരൻ കാണിച്ച വഴിയേ പോകുമ്പോൾ അയാൾ പ്രതീക്ഷയുടെ പരമകോടിയിലായിരുന്നു.
അജ്ഞാതശവത്തിന്റെ മുഖത്തെ തുണി മാറ്റുമ്പോൾ അയാൾക്ക് വിറച്ചു. ആ മുഖം കണ്ട നിമിഷത്തിൽ അയാൾ സ്വയം ശപിച്ചു.
എല്ലാം കൃത്യമായിരുന്നിട്ടും എവിടെയാണ് പിഴച്ചത് ??
ഒടുവിൽ അയാൾ മുറുക്കി പിടിച്ചിരുന്ന ആ കടലാസ് കഷ്ണം വാങ്ങുമ്പോൾ നേരിയ പ്രതീക്ഷയുടെ കാറ്റ് കടന്നുപോയി. എന്നാൽ അവിടെയും തെറ്റി. എസ് ഐ കണ്ടത് അമ്മയുടെയും അച്ഛന്റെയും ഒരു കുട്ടിയുടേയും മങ്ങിയ ചിത്രമാണ്. പല്ലിറുമ്മിക്കൊണ്ട് അയ്യാൾ അത് ചുരുട്ടി എറിഞ്ഞുകൊണ്ട് ആക്രോശിച്ചു. ”ഛെ, നിറമില്ലാത്ത ഈ ചിത്രത്തിനു വേണ്ടിയാണോ ഞാൻ ഇത്രയും ദിവസം ഉറക്കമൊഴിച്ചത് ”
നിറമില്ലെന്നു അയ്യാൾ പുച്ഛിച്ച ആ ചിത്രത്തിന് കാണാതെ പോയ രണ്ടു നിറങ്ങളുണ്ടായിരുന്നു. ഒന്ന് ജീവിതവും രണ്ട് സ്വപ്നവും.


ആദിൽ സൗബാൻ
10 A





Stretch above land, into their peak,
It is the sky, they constantly seek.
In the far distance, we notice their height,
A view from the top - spectacular site!

In the early part of spring,
You will hear, many birds sing.
They are just letting, the rest of us know,
Winter is over, spring melted the snow.

Mother nature is very cool,
I could learn more about it at school.
The sun is huge and the sky is blue.
The nature is the future clue

Beauty of nature, we all love to see,
From tiny insect to exotic tree.
So much life and diversity,
You can learn more, at the journey of life.



# THE SUN SMILIMG

The sun is smiling
The sky was blue
Birds are singing and flying
and the cool
Breeze had come .
Nature is to make the earth beautiful
but what can be do for them.?
Let us make the nature clean
and always beautiful ..
And our nature always want
the green dress

Sahadya
9B



# എന്റെ പൂച്ചക്കുട്ടി

സൂര്യൻ കിഴക്കുദിച്ചു .കിളികൾ മരക്കൊമ്പിലിരുന്ന് ചിലയ്ക്കാനാരംഭിച്ചു. ഞാൻ കിടക്കയിൽ നിന്നെഴുന്നേറ്റ് പല്ലുതേച്ച് വരാന്തയിൽ പോയി ഇരുന്നു. എന്നത്തെയും പോലെ ഇന്നും ആ പൂച്ച എന്റെ മുറ്റത്ത് കൂടെ അപ്പുറത്തെ വീട്ടിലേക്ക് പോയി. എന്നെ അതിന് പേടിയില്ല എന്നാൽ അച്ഛനെ കണ്ടാൽ അത് പേടിച്ചോടും. അമ്മ അടുക്കളപ്പുറത്തിരുന്ന് മീൻ മുറിക്കുമ്പോൾ അത് അമ്മയുടെ മുന്നിൽ വന്നിരിക്കും. എന്റെ അനിയൻ കണ്ണന് അതിനെ വല്ല്യ ഇഷ്ടമാണ്. ഞാൻ വരാന്തയിൽ നിന്ന് പതിയെ മുറ്റത്തിറങ്ങി എന്റെ പൂച്ചെടികളൊക്കെ ഒന്ന് നോക്കി.

അപ്പോഴതാ അപ്പുറത്തെ വീട്ടിലേക്ക് പോയ പൂച്ച തിരിച്ച് ഇങ്ങോട്ടു തന്നെ ഓടി വരുന്നു. എനിക്ക് അപ്പോഴൊന്നും മനസ്സിലായില്ല, പിന്നെ കാര്യം മനസ്സിലായി. ഒരു വെളുത്ത നായ അതിനെ ഓടിച്ചതാണ്. പൂച്ചയുടെ പുറകെ വന്ന ആ നായയെ ഞാൻ കല്ലെറിഞ്ഞ് ഓടിച്ചു. ആ പൂച്ച എന്നെ ദൂരെ നിന്നൊന്ന് നോക്കി. അതിന് രണ്ട് കുട്ടികളുണ്ട് ഒന്ന് കറുത്തതും മറ്റൊന്ന് വെളുത്തതും. അപ്പോഴാണ് അമ്മയുടെ വിളി, ”മോനെ വന്ന് ചായ കുടിക്ക്ഞാൻ പറഞ്ഞുഅമ്മേ ഞാനിതാ എത്തി”, ഞാൻ കൈ കഴുകി ചെന്ന് ചായ കുടിച്ചു. കണ്ണൻ എന്നോട് പറഞ്ഞു അവന് ആ പൂച്ചയെ വളർത്തണമെന്ന്. എനിക്ക് സമ്മതമാണ് എന്നാൽ അച്ഛൻ സമ്മതിക്കില്ല.

ദിവസങ്ങൾ കടന്ന് പോയ് ക്കൊണ്ടിരുന്നു.

ഈയിടെ ആയിട്ട് പൂച്ചയെയും അതിന്റെ കുട്ടികളെയും കാണുന്നില്ല. ഞാൻഎല്ലായിടത്തും നോക്കി ,വെറുതെയിരിക്കുമ്പോൾ അതിനെക്കുറിച്ച് എനിക്ക് ഓർമ്മ വരും. എനിക്കും കണ്ണനും വളരെ വിഷമമായി. എവിടെയാണെന്ന് ഒരെത്തും പിടിയും കിട്ടുന്നില്ല. അങ്ങനെ ഒരു ദിവസം രാവിലെ ഞാൻ വരാന്തയിലിരുന്ന് പത്രം വായിക്കുകയായിരുന്നു. പെട്ടെന്ന് ഒരു പൂച്ചയുടെ ശബ്ദം എവിടെ നിന്നോ ചെവിയിൽ എത്തി. ഞാൻ പത്രം താഴെ വെച്ച് ചുറ്റുമൊന്ന് നോക്കി , ആരെയും കാണുന്നില്ല ഞാൻ വീണ്ടും വായിക്കുവാൻ തുടങ്ങി. അപ്പോഴെനിക്ക് ആ പൂച്ച ചെയ്യുന്ന കുസൃതികൾ ഓർമ്മ വന്നു. ഞാനൊരു ദീർഘശ്വാസമെടുത്ത് പുറത്ത് വിട്ടു. ഞാൻ പത്രം താഴെ വച്ച് പുറത്തേക്ക് നോക്കിയപ്പോൾ അത്ഭുതപ്പെട്ടു പോയി.ഇത്ര നാളും കാണാതായ എന്റെ പൂച്ചക്കുട്ടിയതാ മുറ്റത്തിരിക്കുന്നു. ഞാൻ അകത്ത് പോയി കണ്ണനെ പുറത്തേക്ക് വിളിച്ച് കൊണ്ടുവന്നു. അവനും ഈ കാഴ്ച കണ്ട് വളരെ സന്തോഷമായി. ഞങ്ങൾ സന്തോഷം കൊണ്ട് തുള്ളിച്ചാടി. പൂച്ചയുടെ മുഖത്തും ചെറിയൊരു പുഞ്ചിരി കളിയാടുന്നത് ഞാൻ കണ്ടു. അത് പതിയെ ഓലക്കൂട്ടത്തിനിടയിലേക്ക് പോയി, ഞങ്ങൾ അത് നോക്കി നിന്നു.

റിൻഷ ഷെറിൻ
9B



# മഴ പെയ്തപ്പോൾ

മഴ വന്നു! മഴ വന്നു .
കൊട്ടിപ്പാടുന്ന മഴ വന്നു
മഴ തൻ സംഗീതത്തിൽ
എൻ മനസ്സിലും സന്തോഷം വന്നു....
മഴവെള്ള പാച്ചിൽ നോക്കി
പക്ഷികളും മൃഗങ്ങളും സന്തോഷം പങ്കിട്ടു....
കർക്കിടക മാസത്തിലെ
കുളിർ മഴയിൽ
തുള്ളിച്ചാടി ഞാൻ എന്റെ
കുട്ടിക്കാലം പങ്കിട്ടു ....
മഴവെള്ളച്ചാലിൽ എന്റെ
കടലാസു തോണികൾ ആടിയാടി ഒഴുകിയപ്പോൾ
എൻ മനസ്സിലും കുളിർമഴ പെയ്തു .....
മഴ തൻ സംഗീതത്തിൽ
എൻ കടലാസുതോണിയും ഒഴുകിപ്പോയി ...

ആയിഷ സന
8B

# അമ്മ

ഒരു ഗ്രാമത്തിൽ ഒരച്ഛനും അമ്മയും ഉണ്ടായിരുന്നു. അവർക്ക് ഒരൊറ്റ  മകനാണ് ഉണ്ടായിരുന്നത്.മകൻ ജനിച്ച് ഏതാനും ദിവസങ്ങൾക്കുശേഷം അച്ഛൻ മരണപ്പെട്ടു. ഒരുപാട് കഷ്ടപ്പാടുകൾ സഹിച്ചു പിന്നീടുള്ള ദിവസങ്ങൾ അമ്മ തള്ളി നീക്കി.  പൊന്നു മോനെ വളർത്താനോ ഒരു നേരത്തെ ആഹാരത്തിന് പോലും വകയില്ലാതെ അമ്മ ഒരുപാട് പ്രയാസങ്ങൾ സഹിച്ചു മകനെ വളർത്തി
വേറെ ഒരു കല്യാണത്തെ പോലും ആലോചിക്കാതെ പൊന്നു മകനുവേണ്ടി അമ്മ ജീവിച്ചു.
അങ്ങനെ മകൻ വലുതായി തുടങ്ങി മകൻ്റെ ഓരോ വളർച്ചയിലും അമ്മ വളരെ സന്തോഷിച്ചു ,അങ്ങനെ മകന് വേണ്ട എല്ലാ സൗകര്യങ്ങളും ചെയ്തു കൊടുത്ത് മകനെ നല്ല നിലയിൽ വളർത്തി.
അങ്ങനെമകൻ വലുതായി മകൻ്റെ കല്യാണമൊക്കെ കഴിഞ്ഞു. അവർ സന്തോഷത്തോടെ കുറച്ചു കാലം ജീവിച്ചു .അമ്മ പതിയെ വാർധക്യത്തിലേക്ക് എത്തിത്തുടങ്ങി.അങ്ങനെയിരിക്കെ മകന് അമ്മയോടുള്ള സ്നേഹം കുറഞ്ഞുതുടങ്ങി. മകനും മരുമകളും ചേർന്ന് അമ്മയോട് മോശമായി പെരുമാറാൻ തുടങ്ങി .ഈ അമ്മ ഒന്ന് മരിച്ചുകിട്ടിയാൽ മതിയായിരുന്നു എന്ന് അവർ വിചാരിച്ചു.

അമ്മയുടെ രോഗങ്ങളും പ്രായവുമെല്ലാംകൂടിത്തുടങ്ങി.
ഒരു ദിവസം നേരം പുലർന്നപ്പോൾ മകൻ്റെ മനസ്സിൽ ഒരു ബുദ്ധി തോന്നി.
ഈ അമ്മയെ എവിടെയെങ്കിലും കൊണ്ടുപോയി ഉപേക്ഷിക്കണം എന്ന് അവൻ വിചാരിച്ചു നേരാവണ്ണം ഒന്ന് ഇരിക്കാനും ശ്വാസം കഴിക്കാനോ പോലും പറ്റാത്ത അമ്മയെയും തോളിലേറ്റി ഈ മകൻ നടക്കാൻ തുടങ്ങി.
ഒരു കാട്ടിലൂടെ ഒരുപാട് നേരം സഞ്ചരിച്ചു .അങ്ങനെ നടന്നു പോകുന്ന സമയത്ത് കാട്ടിലുള്ള പൂക്കളെല്ലാം അമ്മയുടെ കൈകൊണ്ട് പറിച്ച് നടന്ന വഴിയിൽ ഇട്ടിരുന്നു.
അവൻ അമ്മ യുമായിഒരു ആളൊഴിഞ്ഞ മലഞ്ചെരുവിലെത്തി.

അവിടെ അമ്മയെ ഉപേക്ഷിക്കാൻ മകൻ തീരുമാനിച്ചു.തോളിൽ നിന്നും അമ്മയെ ഇറക്കി അവിടെ ഇരുത്തി അമ്മയോട് ഞാൻ ഇപ്പോൾ വരാം എന്ന് പറഞ്ഞു .മകൻ തന്നെ വീട് ലക്ഷ്യമിട്ട് നടക്കാൻ തുടങ്ങി.അമ്മയെ ഒഴിവായി ക്കിട്ടി എന്ന സന്തോഷത്തിൽ മകൻ മുന്നോട്ട് നീങ്ങി .ആ സമയത്ത് പിറകിൽ നിന്നും അമ്മ വിളിച്ചു.

എൻ്റെ പൊന്നു മോനേ.......
ഈ അമ്മ മക്കൾക്ക് പ്രയാസമായി തുടങ്ങി അല്ലേ .
.ഇനി മക്കൾക്ക് ഒരു ശല്യമാകാതിരിക്കാൻ വേണ്ടിയാണല്ലോ എന്നെഇവിടെ കൊണ്ടുവിട്ടത് .എന്നാലും എനിക്ക് കുഴപ്പമില്ല .പക്ഷേ മകൻ തിരിച്ചു പോകുമ്പോൾ വഴിമാറി പോകാതിരിക്കാൻ വേണ്ടി അമ്മ മകൻ നടന്ന വഴിയിലൊക്കെ പൂക്കൾ പറിച്ചിട്ടുണ്ട്.മകന്ന് വഴി മാറി പോകാതിരിക്കാൻ വേണ്ടിയാണ് ഞാൻ അത് ചെയ്തത്.മകൻ വീട്ടിൽ പോയി സന്തോഷത്തോടെ ജീവിച്ചോളൂ .ഞാൻ ഇനി ഒരിക്കലും നിങ്ങൾക്ക് ശല്യം ആവില്ല .അത് കേട്ട് മകൻ തന്റെ അമ്മയുടെ മുഖത്തേക്ക് നോക്കി. അമ്മയുടെ അടുത്തേക്ക് ചെന്നു.അവൻ വിചാരിച്ചു ഞാൻ ഇങ്ങനെയൊക്കെ ചെയ്തിട്ടും എനിക്ക് വഴിമാറി പോകാതിരിക്കാൻ പൂക്കൾ പറിച്ചിട്ട എൻ്റെ അമ്മയ്ക്ക് എന്നോടുള്ള സ്നേഹം എത്രമാത്രം വലുതാണ്.അവൻ തന്റെ അമ്മയെ കെട്ടിപ്പിടിച്ച് നിലവിളിച്ചു .
അമ്മേ........
എൻ്റെ അമ്മയെ ഇനി ഒരിക്കലും ഞാൻ വേദനിപ്പിക്കില്ല എന്ന് ഉറക്കെ വിളിച്ചു പറഞ്ഞു.അമ്മയെ തോളിലേക്ക് വീട്ടിലേക്ക് തിരിച്ചു. ഇതാണ് ഒരു അമ്മയുടെ സ്നേഹം .

ഫസ്ന ഇ വി
8B



## വള്ളത്തോൾ നാരായണമേനോൻ

കേരളീയനായ ഒരു മഹാകവിയും വിവർത്തകനുമാണ് വള്ളത്തോൾ നാരായണമേനോൻ. കേരള കലാമണ്ഡലത്തിന്റെ സ്ഥാപകനായ അദ്ദേഹം കേരളത്തിന്റെ തനത് കലയായ കഥകളിയെ പരിപോഷിപ്പിക്കുന്നതിനും ശ്രമിച്ചിട്ടുണ്ട്. കേരള വാല്മീകിയായി വിശേഷിപ്പിക്കപ്പെട്ട വള്ളത്തോൾ ദേശീയ കവിയായി അറിയപ്പെട്ടു.

1878 ഒക്ടോബർ 16-ന് മലപ്പുറം ജില്ലയിലെ തിരൂരിനു സമീപം ചേന്നര ഗ്രാമത്തിൽ വള്ളത്തോൾ കോഴിപ്പറമ്പിൽ കുട്ടിപ്പാറു അമ്മയുടെയും കടുങ്ങോട്ട് മല്ലിശേരി ദാമോദരൻ ഇളയതിന്റെയും മകനായി ജനിച്ചു. ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിൽ ആകൃഷ്ടനായ അദ്ദേഹം ദേശസ്നേഹം തുളുമ്പുന്ന നിരവധി കവിതകൾ രചിച്ചിട്ടുണ്ട്. പന്ത്രണ്ടാം വയസ്സു മുതൽ വള്ളത്തോൾ കവിതകൾ എഴുതിത്തുടങ്ങി. മഹാത്മ ഗാന്ധിയുടെ ആദർശങ്ങളിൽ അടിയുറച്ചു വിശ്വസിക്കുകയും, ഗാന്ധിജിയെ ഗുരുനാഥനായി സ്വീകരിക്കുകയും ചെയ്ത മഹാത്മജിയെപ്പറ്റിയെഴുതിയ കൃതിയാണ് എന്റെ ഗുരുനാഥൻ.ഗാന്ധിജിയുടെ മരണത്തിൽ ദുഃഖിച്ച് അദ്ദേഹം എഴുതിയ വിലാപകാവ്യമാണ് ബാപ്പുജി. 1958 മാർച്ച് 13-ന് 79-ാം വയസ്സിൽ എറണാകുളത്തെ മകന്റെ വീട്ടിൽ വച്ച് അന്തരിച്ചു. മൃതദേഹം പൂർണ ഔദ്യോഗിക ബഹുമതികളോടെ ചെറുതുരുത്തിയിലെ കേരള കലാമണ്ഡലം വളപ്പിൽ സംസ്കരിച്ചു



## കുഞ്ചൻനമ്പ്യാർ

(ജനനം : 1705 മെയ് 5, മരണം : 1770)

തുള്ളൽ പ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവ്. പാലക്കാട് ജില്ലയിൽ കിള്ളിക്കുറിശ്ശി മംഗലത്തെ കലക്കത്തു ഭവനത്തിൽ ജനിച്ചു. മാർത്താണ്ഡവർമ്മയുടെ കവി സദസ്സിൽ അംഗമായിരുന്നതായി വിശ്വസിക്കപ്പെടുന്നു. ജനങ്ങളുടെ അഭിരുചിക്ക് പ്രാധാന്യം നൽകികൊണ്ട് നാടൻ കലാരൂപങ്ങളുടെയും ക്ലാസിക് കഥകളുടേയും ചൈതന്യത്തെ ഒരുമിച്ച് ചേർത്ത് ഒരു കാവ്യ - കലാരൂപം മലയാളത്തിനു നൽകിയ ഒരു ബഹുമുഖ പ്രതിഭയാണ് കുഞ്ചൻനമ്പ്യാർ.

എഴുത്തച്ഛനുശേഷം കേരളം കണ്ട ഏറ്റവും വലിയ കവിയായ നമ്പ്യാർ ഓട്ടൻ തുള്ളൽ, ശീതങ്കൻ തുള്ളൽ, പറയൻ തുള്ളൽ എന്നീ ഇനങ്ങളിലായി ധാരാളം സൃഷ്ടികൾ മലയാളത്തിന് നൽകിയിട്ടുണ്ട്. തുള്ളൽ കവിതകൾ എഴുതുകയും അവയെ അഭിനയരൂപമായി അവതരിപ്പിക്കുകയും ചെയ്ത മലയാളത്തിലെ കവിശ്രേഷ്ഠൻ കൂടിയാണ് കുഞ്ചൻ നമ്പ്യാർ. ബാല്യകാല വിദ്യാഭ്യാസത്തിനുശേഷം നമ്പ്യാർ കുടമാളൂരുള്ള ചെമ്പകശ്ശേരി രാജകുടുംബവുമായി ബന്ധപ്പെട്ടു. പിന്നീട് മറ്റുചില ഗുരുക്കന്മാരുടെ കീഴിൽ ഉപരിപഠനം നിർവ്വഹിച്ചു. മാർത്താണ്ഡവർമ്മ മഹാരാജാവ് ചെമ്പകശ്ശേരിരാജ്യം കീഴടക്കിയപ്പോൾ നമ്പ്യാർ തിരുവനന്തപുരത്തെത്തി. മാർത്താണ്ഡവർമ്മയുടെ കവിസദസ്സിൽ രാമപുരത്തുവാര്യർ, ഉണ്ണായിവാര്യർ എന്നിവരോടൊപ്പം കുഞ്ചൻ നമ്പ്യാരും ഉണ്ടായിരുന്നു.



# സ്നേഹപൂർവം
# കവി എ.അയ്യപ്പന്

കവിതയിൽ
കനൽ മുള്ളുകൾ
തീർത്ത് കവി ജനിക്കുന്നു
കഴുകൻ കൊത്തിയെടുത്ത്
വലിച്ചെറിഞ്ഞത്
കവിയുടെ
അനാഥ ഹൃദയം
തെരുവിൻ്റെ ഓർമ്മകളിൽ
വലിച്ചിഴക്കപ്പെടുന്ന
മരണ വേദനക്ക്
വിട
കൂടൊഴി ഞ്ഞചില്ലകളിൽ
വിരിയാത്ത പൂക്കളുടെ
സുഗന്ധങ്ങളിൽ
പാടിത്തീരാത്ത
യാമങ്ങൾക്ക് പ്രിയപ്പെട്ടവൻ
നിന്നിലെ കവി.

അരങ്ങിലെ
കളി വിളക്കണച്ച്
മരിച്ച ചങ്ങാതിക്കൂട്ടങ്ങളിലേക്ക്
ലഹരി യുടെ കെട്ടടങ്ങി
നടന്നു മറയുമ്പോൾ
മുൾമുനയുടെ
വേദനയിൽ നിന്ന്
നോക്കുകുത്തികളായ്
മാറുന്നു ഞങ്ങൾ

സായി കല.സി.കെ

# യാത്ര

ഇന്ന് വളരെയധികം
സന്തോഷവതിയാണ് ഞാൻ. ഇന്ന് ഞാനും
അച്ഛനും അമ്മയും പാർക്കിൽ പോവാൻ
തീരുമാനിച്ചു. ഞങ്ങൾ പെട്ടന്ന് തന്നെ
പ്രഭാതകർമങ്ങളൊക്കെ
പൂർത്തിയാക്കിപാർക്കിലേക്ക് വണ്ടി തിരിച്ചു.
ഊഞ്ഞാലാടിയും ബോട്ടിൽ കയറിയും ഊരി
ക്കളിച്ചും ആസ്വദിച്ചു
കൊണ്ടിരിക്കുമ്പോഴാണ് ഞാൻ ഐസ്ക്രീം
വണ്ടി വരുന്നത് കണ്ടത്.
വെള്ളത്തൊപ്പിയിൽ ഐസ്ക്രീമിന്റെ
പടംപതിച്ചു നാല് ചക്രമുള്ള വണ്ടി.
അത് ണിം, ണിം എന്ന്
മുഴക്കിക്കൊണ്ടിരുന്നു.
ഞാൻ അമ്മയോട് പറഞ്ഞ് ഐസ്ക്രീം
വാങ്ങാ നായി ഓടി.
നല്ലതണുത്ത ഐസ്ക്രീം .
എന്റെ വായിൽ വെള്ളം വന്നു.
" ഠിം" ....
പെട്ടെന്നാണ് ഞാനാ ശബ്ദം കേട്ടത്.
ഞാൻ തിരിഞ്ഞുനോക്കിയതും നേരത്തെ
അച്ഛനും അമ്മയും നിന്നിടത്തായി ഒരുകൂട്ടം
ജനം.
ജനക്കൂട്ടങ്ങൾക്കിടയിലൂടെ ഞാനും
അകത്തേക്ക് കടന്നു ആകാശത്തൊട്ടിൽ
വീണുകിടക്കുന്നു.
മനസ്സിലാവാതെ ഐസ്ക്രീം നണച്ചവിടെ
നിന്നു.
അപ്പോഴാണ് അച്ഛനേം അമ്മയേം
ഓർമവന്നത് .
ഞാൻ ആൾകൂട്ടത്തിനിടയിൽ അവരെ
തിരക്കി, കണ്ടില്ല.
പെട്ടന്നാണ് ഞാനാ ദൃശ്യം കാണുന്നത്.
കുറേ ആളുകൾചേർന്ന് ആവലിയ
ആകാശത്തൊട്ടിൽ
ഉയർത്തി.
അതിനടിയിലായി കുറേ ജീവൻ
രക്തത്തിൽ മുങ്ങിക്കിടക്കുന്നു.
എന്റെ കാലുകൾ
വിറക്കാൻ തുടങ്ങി. കണ്ണുനീർ കവിൾ
തടത്തിലൂടെ ധാരധാരയായി ഒഴുകാൻ
തുടങ്ങി. ആ ജീവനിൽ
എന്റെ അച്ഛനും അമ്മയും .
എന്റെ കരങ്ങളിലൂടെ
ഐസ്ക്രീം അലിഞ്ഞൊഴുകി.
പെട്ടന്ന് എന്റെ അമ്മയുടെ
മോളേ എന്ന വിളിയിൽ ഞാൻ
ഞെട്ടിയുണർന്നു.
അമ്മയെ കണ്ടതും എന്റെ ഹൃദയം
നിശ്ചലമായതു പോലെ
തോന്നി.

ഷബീബ ഫാത്തിമ
8B